# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1631 — 21.03.2012-ൽ മറുപടിയ്ക്ക്

### " വെയർഹൗസിംഗ് കോർപ്പറേഷന് പുതിയ ഗോഡൗണുകൾ"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.യു.കുരുവിള:<br>ശ്രീ.മോൻസ് ജോസഫ്: | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; പുതുതായി ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നിലവിൽ എല്ലാ ജില്ലകളിലും കൂടി 59 വെയർഹൗസുകളും ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും ഉണ്ട്. ശരാശരി 80% ഉപയോഗം എല്ലാ വെയർഹൗസുകളിലും നടക്കുന്നുണ്ട്. ചില സന്ദർഭങ്ങളിൽ വെയർഹൗസുകളുടെ ഉപയോഗം 90%-ന് മുകളിൽ ആകാറുണ്ട്.<br><br>പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വളം, കാലിത്തീറ്റ, കീടനാശിനി, സിമന്റ് തുടങ്ങിയവയുടെ വിൽപ്പനയും ഏറ്റെടുത്തു നടത്തുന്നതിന് ഫെബ്രുവരി 28-ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്തിട്ടുണ്ട്.<br><br>നബാർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് പുതുതായി 27 ഗോഡൗണുകൾ വിവിധ ജില്ലകളിലായി പണിയുന്നതിനും നിലവിലുള്ള വെയർഹൗസുകളിൽ 44 എണ്ണം നവീകരിക്കുന്നതിനും ചുരുങ്ങിയ തോതിൽ യന്ത്രവൽക്കരണം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വണ്ടൻമേട്, എറണാകുളം ജില്ലയിലെ പറവൂർ എന്നിവിടങ്ങളിലെ ഗോഡൗണുകളിൽ എയർകണ്ടീഷനിംഗ് സൗകര്യം ഏർപ്പെടുത്താൻ നബാർഡിന്റെ സ്കീമിൽ ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കോഴിക്കോട് ജില്ലയിലും അപ്രകാരമുള്ള വെയർഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>പുതിയ ഗോഡൗണുകൾ താഴെ പറയുന്ന |

| | |
|---|---|
| | സ്ഥലങ്ങളിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്.<br><br>__കോർപ്പറേഷൻ വക സ്ഥലം:__<br><br>1. ആറ്റിങ്ങൽ<br>2. നെടുമങ്ങാട്<br>3. കായംകുളം<br>4. കരിക്കോട്<br>5. കരുനാഗപ്പള്ളി<br>6. ആലപ്പുഴ.<br>7. പാല<br>8. മൂവാറ്റുപുഴ<br>9. വടക്കാഞ്ചേരി<br>10.മുതലമട<br>11.പടന്നക്കാട്<br>12.പയ്യന്നൂർ<br>13. ചങ്ങനാശ്ശേരി<br>14.കാഞ്ഞങ്ങാട്<br>15.കോട്ടയം<br>16. വണ്ടൻമേട്<br><br>റവന്യൂഭൂമിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്നവ:<br><br>1.തിരുവനന്തപുരം<br>2.കോട്ടയം<br>3.മണ്ണുത്തി<br>4. പെരിന്തൽമണ്ണ<br>5.തിരൂർ<br>6.കളമശ്ശേരി<br>7. കോഴിക്കോട്<br>8. കൂത്തുപറമ്പ്<br>9. നെടുംകണ്ടം<br>10. കൽപ്പറ്റ<br>11. മണ്ണാർക്കാട്. |

സെക്ഷൻ ഓഫീസർ